[അദ്ധ്യക്ഷവേദിയിൽ ബഹുമാനപ്പെട്ട സ്പീക്കർ]

(26) അറബിക് അദ്ധ്യാപകരുടെ പ്രശ്നങ്ങൾ

ശ്രീ. ടി. വി. ചന്ദ്രമോഹൻ: കേരളത്തിലെ വിവിധ സ്കൂളുകളിൽ ജോലി ചെയ്യുന്ന അറബി അദ്ധ്യാപകർ എണ്ണത്തിൽ കുറവാണ്. അവരുടെ പ്രശ്നങ്ങൾ കാലാകാലങ്ങളിൽ ബഹുമാനപ്പെട്ട മന്ത്രിമാരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. ഒരു പ്രത്യേക സാഹചര്യത്തിലാണ് അവരെ അപ്പോയിന്റ് ചെയ്തിട്ടുള്ളതെങ്കിലും കഴിഞ്ഞ 19 വർഷമായി ജോലി ചെയ്തവർക്കുപോലും ഹെഡ്മാസ്റ്റർ തസ്തിക നിഷിദ്ധമായി വന്നിരിക്കുകയാണ്. കാരണം ഇപ്പോൾ യോഗ്യതയുടെ പ്രശ്നം വന്നിരിക്കുകയാണ്. അദ്ധ്യാപകരായി ജോലി ലഭിച്ചു കഴിഞ്ഞാൽ യോഗ്യതയൊക്കെ എല്ലാവരുടേയും യോഗ്യതയ്ക്ക് ഒപ്പമാണ്. പിന്നീട് ഹെഡ്മാസ്റ്ററാകാൻ അവർക്ക് യോഗ്യതയില്ലെന്ന് പറയുന്നത് ശരിയല്ല. ഇവർ എണ്ണത്തിൽ വളരെ ചുരുക്കമാണെങ്കിലും അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി പ്രൊമോഷൻ നൽകാനുള്ള ഏർപ്പാടുകൾ ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):* ഇതിൽ രണ്ടു പ്രശ്നങ്ങളാണുള്ളത്. ഒന്നാമത്തേത് ക്വാളിഫിക്കേഷനാണ്. അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ അദ്ധ്യാപകനാകാൻ ക്വാളിഫൈ ചെയ്തുകഴിഞ്ഞാൽ ഹെഡ്മാസ്റ്ററാകാൻ വേറെ ക്വാളിഫൈ ചെയ്യേണ്ട പ്രശ്നമില്ല. എന്നാൽ ടി.ടി.സി.-യും ബി.എഡ്.-ഉം ഇല്ലാത്തതുകൊണ്ട് കെ.ഇ.ആർ. ഭേദഗതി ചെയ്തെങ്കിൽ മാത്രമേ അത് നടപ്പാക്കാൻ പറ്റുകയുള്ളൂ. അതിന്റെ നിയമവശം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. നിയമവകുപ്പിലേക്ക് എഴുതിയിട്ടുണ്ട്. രണ്ടാമത്തേത് മറ്റ് അദ്ധ്യാപക സംഘടനകളുമായിട്ട്, പ്രത്യേകിച്ച് ഭാഷാ അദ്ധ്യാപകർ അല്ലാത്തവരുമായിട്ടുള്ള ചർച്ചയും ഈ കാര്യത്തിൽ ആവശ്യമാണ്. ഗവണ്മെന്റ് രണ്ടു കാര്യങ്ങളും ചെയ്യുന്നതാണ്. എന്നിട്ട് അതിനനുസരിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

(27) വടക്കാഞ്ചേരിയിൽ ഫയർസ്റ്റേഷൻ

ശ്രീ. എ. സി. മൊയ്തീൻ : സർ, തലപ്പള്ളി താലൂക്കിന്റെ ആസ്ഥാനമായ വടക്കാഞ്ചേരിയിൽ ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കുവാൻ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തീരുമാനിച്ചിരുന്നതാണ്. എന്നാൽ ആവശ്യമായ സ്ഥലം ലഭിക്കാത്തതുകൊണ്ട് നാളിതുവരെയായിട്ട് അതിന്റെ പ്രവർത്തനം ആരംഭിക്കുവാനായിട്ടില്ല. ഇപ്പോൾ വടക്കാഞ്ചേരി പഞ്ചായത്ത് ആവശ്യമായ സ്ഥലവും കെട്ടിടവും മറ്റ് സൗകര്യങ്ങളുമൊക്കെ നൽകാൻ തയ്യാറാണെന്ന് ഉറപ്പു നല്കിയിട്ടുണ്ട്. ആ വിവരം ബന്ധപ്പെട്ട വകുപ്പിനെ അറിയിച്ചിട്ടുണ്ട്. വടക്കാഞ്ചേരി, ചേലക്കര പ്രദേശങ്ങൾ പ്രത്യേകിച്ച് ദേശമംഗലവും വടക്കാഞ്ചേരിയും ഉൾപ്പെടെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

പ്രദേശങ്ങൾ ഭൂചലന സാദ്ധ്യതയുള്ളതും ഭൂകമ്പം ഇടയ്ക്കിടയ്ക്ക് ഉണ്ടാകുന്ന ഒരു സ്ഥലമാണെന്നുള്ളതും പരിഗണിച്ചാണ് അന്ന് ഇത് അനുവദിച്ചിരുന്നത്. വടക്കാഞ്ചേരി പഞ്ചായത്ത് ഇപ്പോൾ സ്ഥലവും സൗകര്യങ്ങളും ലഭ്യമാക്കാമെന്ന് ഉറപ്പു നല്കിയതിന്റെ അടിസ്ഥാനത്തിൽ ഈ ഫയർ സ്റ്റേഷൻ എത്രയും പെട്ടെന്ന് ആരംഭിക്കുവാൻ നടപടികളുണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: സർ, 1998-ൽത്തന്നെ സ്ഥലം കൊടുത്തിരുന്നുവെങ്കിൽ ഇത് അനുവദിക്കുന്ന കാര്യം പരിഗണിക്കാമെന്നു പറഞ്ഞിരുന്നതാണ്. പക്ഷേ പഞ്ചായത്ത് ഇതുവരെ സ്ഥലം കൊടുത്തില്ല. ഇപ്പോഴും ഉറപ്പു നല്കി എന്നാണ് പറയുന്നത്. ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യംതന്നെ ഫൈനാൻസിലേക്ക് അയച്ചപ്പോൾ സ്ഥലം വകുപ്പിന് ലഭ്യമായോ എന്നും, എങ്കിൽ കെട്ടിടം പണി പൂർത്തിയായോ എന്നും ധനകാര്യ വകുപ്പു ചോദിച്ചിരിക്കുകയാണ്. ഒരു വാടക കെട്ടിടത്തിലാണെങ്കിൽപ്പോലും, സ്ഥലവും കെട്ടിടവും പഞ്ചായത്ത് അറേഞ്ച് ചെയ്താൽ ഈ ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം ഗവൺമെന്റ് അടിയന്തിരമായി പരിഗണിക്കും.

(28) ചാലക്കുടി ഗവൺമെന്റ് ആശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റ്

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, ചാലക്കുടി നഗരത്തിന്റെ ഹൃദയ ഭാഗത്തായിട്ടാണ് ചാലക്കുടി ഗവൺമെന്റ് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ സ്ഥിതിചെയ്യുന്നത്. ഒരുപക്ഷേ എൻ.എച്ച്-47-ൽ തൃശ്ശൂർ ഡിസ്ട്രിക്ടിലെ ഒരേയൊരു ഗവൺമെന്റ് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റലും ഇതായിരിക്കും. പോട്ടയ്ക്കും കറുകുറ്റിക്കും ഇടയ്ക്കുള്ള എൻ.എച്ച്.-47 അപകട മേഖലയാണെന്നുള്ള മുന്നറിയിപ്പ് പൊതുമരാമത്തു വകുപ്പിൽനിന്നും പ്രത്യേകമായി നല്കിയിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ അടിയന്തിരമായി ചാലക്കുടി ഗവൺമെന്റ് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റലിൽ ട്രോമാ കെയർ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ)*: സർ, റോഡ് സേഫ്റ്റിയുടെ ഭാഗമായി ദേശീയപാതയുടെ സമീപത്തുള്ള താലൂക്കാശുപത്രി ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ ട്രോമാ കെയർ യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് 3353 ലക്ഷം രൂപയുടെ പദ്ധതിക്കുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്. തീർച്ചയായും ചാലക്കുടിയിലെ ആശുപത്രിയും ഇതിൽ ഉൾപ്പെടും.

GPM. 2/257/2012.—24

LIBRARY ARCHIVES Kerala Legislative Assembly